ജില്ലാ പട്ടികജാതി വികസന ആഫീസ്സറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, എറണാകുളം, കൊച്ചി – 30.

ഫോൺ & ഫാക്സ് : 0484 2422256 E-mail : scddoekm@gmail.com

DDOEKM/734/2025-E4 "ഭരണഭാഷ – മാതൃഭാഷ" തീയതി 10.10.2025

പ്രിൻസിപ്പൽ
.......................

സർ,

വിഷയം : പട്ടികജാതി വികസനം – ലാപ്ടോപ് ധനസഹായ പദ്ധതി – 2025 -26 – സംബന്ധിച്ച്.

സൂചന : (1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29.09.25 ലെ SCDD/4273/2025/A1 (EDN.A) നം. കത്ത്

(2) സ.ഉ. (സാധാ) 190/2024/SCSTD തീയതി : 16.03.24.

.......................

2025-26 വർഷം വിവിധ അംഗീകൃത കോളേജുകളിൽ തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിക്കുന്നതിന് ഉത്തരവ് ലഭ്യമായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. ലാപ്ടോപ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. AISHE CODE/UDISE CODE ഉള്ള സ്ഥാപനങ്ങളിൽ മെറിറ്റ് / റിസർവേഷനിൽ പ്രവേശനം ലഭിക്കുന്നതും ഇഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുള്ളതുമായ വിദ്യാർത്ഥികളെ മാത്രമാണ് പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നത്.
2. വിദ്യാർത്ഥികൾക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
3. വരുമാന പരിധി – 5 ലക്ഷം രൂപ
4. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നോ മറ്റ് ഗവൺമെന്റ് ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ടി ധനസഹായം ലഭിക്കുന്നതല്ല.
5. തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ ഒന്നാം വർഷം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും ലാറ്ററൽ എൻട്രി മുഖേന രണ്ടാം വർഷത്തേയ്ക്ക് പ്രവേശനം നേടുന്ന എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കും ടി ധനസഹായത്തിന് അർഹതയുണ്ട്.
6. ലാപ്ടോപ് ധനസഹായമായി പരമാവധി 30,000/- രൂപയാണ് അനുവദിക്കുന്നത്.

Dr. Biju C.S
Principal
Sacred Heart College (Autonomous)
Thevara, Kochi-682013

SACRED HEART COLLEGE AUTONOMOUS THEVARA, KOCHI-682 013 1944

ലാപ്ടോപ്പ് ധനസഹായം വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പഠിക്കുന്നതിനുള്ള കോഴ്സുകൾ ചുവടെ ചേർക്കുന്നു.

1. B.Tech, B.Arch, M.Tech.
2. MBBS, BDS, BAMS, BHMS, BVSC & AH
3. Phd, Mphil
4. MSc (എല്ലാ വിഷയത്തിനും)
5. LLB, LLM.
6. Bcom (Computer Application/Vocational computer application/Computer Science)
7. MBA, MSW, MCA.
8. BSc (Computer Science), BSc (Bio Technology), BSc (Fisheries), BSc (IT), BCA.
9. Commercial Pilot Licence (Wings ലഭിച്ചതിന് ശേഷം അഡ്മിഷൻ നേടുന്നവർക്ക്).
10. BA (Animation & Graphic Designing), BA (Mass communication)
11. BA (Travel & Tourism Management), Bachelor of Multi Media Communication, Bachelor of Tourism Studies.
12. Chartered Accountant (Intermediate, Final Course പഠിക്കുന്നവർക്ക്, Institute of Chartered Accountants of India-ൽ നിന്നും Intermediate/final course പഠിക്കുന്നുവെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്.)
13. കമ്പനി സെക്രട്ടറി (എക്സിക്യൂട്ടീവ് പ്രൊഫഷണൽ പ്രോഗ്രാം പഠിക്കുന്നവർക്ക്. Institute of Company Secretary of India യിൽ നിന്നും Executive ; Professional Programme പഠിക്കുന്നുവെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്.)
14. Cost and Works Accountant (Intermediate/final course പഠിക്കുന്നവർക്ക്). Institute of Costs Accountants of India യിൽ നിന്നും Intermediate/final course പഠിക്കുന്നുവെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്.
15. Polytechnic – Diploma in computer science, Diploma in computer engineering, Diploma in information technology, Diploma in computer hardware maintenance, Diploma in computer application, Diploma in computer hardware engineering, Diploma in computer hardware and networking, Diploma in textile technology.

അർഹരായ വിദ്യാർത്ഥികൾ ഇഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിന് 2026 മാർച്ച് 31 വരെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അപ്ലോഡ് ചെയ്യേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.

ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, അലോട്ട്മെന്റ് മെമ്മോ, ബാങ്ക് പാസ്ബുക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലാപ്ടോപ് ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിദ്യാർത്ഥി സ്ഥാപനത്തിൽ പഠിക്കുന്നു എന്ന് തെളിയിക്കുന്ന സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ആഫീസ്സർ

SACRED HEART COLLEGE AUTONOMOUS 1944 THEVARA, KOCHI-682 013

ആർ.വി.